CKCL/315/2025- Kottayam

തിരുവനന്തപുരം, 30.09.2026

## താൽപര്യപത്രം ക്ഷണിക്കുന്നു

**ക്ലീൻ കേരള കമ്പനി കോട്ടയം ജില്ലയിലെ കൂരോപ്പട ഗോഡൗണിന്റെ പ്രവർത്തന പരിപാലനത്തിന് പരിചയമുള്ള വ്യക്തികൾ, സ്റ്റാർട്ടപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു.**

ക്ലീൻ കേരള കമ്പനി കോട്ടയം ജില്ലയിൽ അജൈവ പാഴ്‌വസ്തുക്കളുടെ പരിപാലനത്തിനായി പ്രവർത്തിപ്പിക്കുന്ന ഗോഡൗൺ പിപിപി (പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ്) മോഡലിൽ എടുത്ത് പ്രവർത്തന പരിപാലനം നടത്തുന്നതിന് താൽപര്യമുള്ള വ്യക്തികൾ/ സ്റ്റാർട്ടപ്പുകൾ/ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു. താൽപര്യമുള്ള വ്യക്തികൾ/സ്റ്റാർട്ടപ്പുകൾ/സ്ഥാപനങ്ങൾ പൂർണ്ണമായ വിവരങ്ങൾ, പ്രവർത്തിപരിചയം, പ്രവർത്തന പരിപാലന രീതി എന്നിവ കൃത്യമായി വിശദീകരിക്കുന്ന താൽപര്യപത്രം സീൽ ചെയ്ത കവറിൽ **07.10.2026 വൈകുന്നേരം 3 മണിക്ക്** മുമ്പായി താഴെപറയുന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. (വിശദാംശം ഉള്ളടക്കം ചെയ്തിട്ടുണ്ട്.)

**വിലാസം :** ക്ലീൻ കേരള കമ്പനി ലിമിറ്റഡ്

സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ്

TC 29/1732

വഴുതക്കാട്, തിരുവനന്തപുരം

പിൻ കോഡ് – 695010

**കൂടുതൽ വിവരങ്ങൾക്ക്**

**Office No: 0471 2724600**

**Mail ID : cleankeralacompany@gmail.com**

## വ്യവസ്ഥകൾ

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നിഷ്ക്രിയ മാലിന്യത്തിൽ ഉൾപ്പെടുത്തി ശേഖരിക്കുന്ന തരംതിരിക്കാത്ത പാഴ്‌വസ്തുക്കൾ ഗോഡൗണുകളിൽ എത്തിക്കണം.

2. ഇപ്രകാരം എത്തിക്കുന്ന തരംതിരിക്കാത്ത പാഴ്‌വസ്തുക്കൾ ഗോഡൗണിൽ തരംതിരിക്കൽ പ്രക്രിയയ്ക്ക് വിധേയമാക്കേണ്ടതാണ്.

3. തരംതിരിവിലൂടെ ലഭിക്കുന്ന പുന:ചംക്രമണയോഗ്യമായ പാഴ്‌വസ്തുക്കൾ ഏജൻസിയ്ക്ക് വിപണനം നടത്താവുന്നതാണ്. ആയതിന് കമ്പനി നിശ്ചയിക്കുന്ന നിശ്ചിത തുക നൽകേണ്ടതാണ്.

4. തരംതിരിവിന് ശേഷം ലഭിക്കുന്ന നിഷ്ക്രിയ പാഴ്‌വസ്തുക്കൾ ബെയിൽ ചെയ്തോ അല്ലാതെയോ സിമന്റ് ഫാക്ടറികളിലേയ്ക്ക് ടി ഏജൻസിയ്ക്ക്(അതിനുള്ള സംവിധാനങ്ങൾ ഉണ്ടെങ്കിൽ) കൈമാറാവുന്നതാണ്.

5. നിഷ്ക്രിയ മാലിന്യങ്ങൾ കൈമാറുന്നതിന് കിലോഗ്രാമിന് തുക നിശ്ചയിച്ച് ഏജൻസിക്ക് നൽകുന്നതാണ്. ടി സംവിധാനം ഏജൻസിക്ക് ഇല്ലായെങ്കിൽ കമ്പനി നേരിട്ട് മറ്റ് ഏജൻസികൾ മുഖാന്തിരം സിമന്റ് ഫാക്ടറികളിലേയ്ക്ക് കൈമാറുന്നതാണ്. (ആവശ്യമെങ്കിൽ പാഴ്‌വസ്തുക്കൾ ബെയിൽ ചെയ്ത് നൽകുന്നതിനുള്ള തുക നൽകുന്നതാണ്).

6. ഗോഡൗണിന്റെ വൈദ്യുതി, വെള്ളം ഇനത്തിൽ ഉണ്ടാകുന്ന ചാർജുകൾ, പിപിഇ കിറ്റ്, തൊഴിലാളികളുടെ വേതനം, മറ്റ് ചെലവുകൾ എന്നിവ വഹിക്കേണ്ട ഉത്തരവാദിത്വം ഏജൻസിക്കാണ്.

7. ഗോഡൗൺ പ്രവർത്തിപ്പിക്കുന്ന ഏജൻസിക്ക് പുന:ചംക്രമണയോഗ്യമായ പാഴ്‌വസ്തുക്കൾ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കമ്പനിക്ക് വേണ്ടി ശേഖരിച്ച് വിപണനം നടത്തുന്നതിന് ഗോഡൗൺ സൗകര്യം ഉപയോഗിക്കാവുന്നതാണ്. എന്നാൽ ഇതിനായി തരംതിരിച്ച പാഴ്‌വസ്തുക്കൾക്ക് കമ്പനി നിശ്ചയിച്ചിട്ടുള്ള തുക ഓരോ ആഴ്ചയിലും അടയ്ക്കേണ്ടതാണ്.

8. ഗോഡൗണുകളുടെ പ്രവർത്തന പരിപാലനവുമായി ബന്ധപ്പെട്ട് കമ്പനി നിശ്ചയിക്കുന്ന കരാർ വ്യവസ്ഥകൾ പാലിക്കുന്നതിന് ഏജൻസിയ്ക്ക് ബാധ്യതയുണ്ടായിരിക്കുന്നതാണ്.

9. ഏജൻസികളുടെ ഈ മേഖലയിലുള്ള പ്രവർത്തന പരിചയം കണക്കിലെടുത്തു മാത്രമേ ഗോഡൗൺ പരിപാലനത്തിനായി പരിഗണിക്കൂ.

10. ഗോഡൗണിൽ എത്തുന്നതും, വിപണനം നടത്തുന്നതും സംസ്ക്കരണത്തിന് നൽകുന്നതുമായ പാഴ്‌വസ്തുക്കളുടെ കണക്കുകൾ കൃത്യമായും ഗോഡൗണിൽ

സൂക്ഷിക്കേണ്ടതും സികെസിഎൽ ജില്ലാ മാനേജർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സികെസിഎൽ – ന്റെ ഓഫീസ് സംവിധാനവും ഗോഡൗണിൽ പ്രവർത്തിക്കുന്നതാണ്.

11. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഗോഡൗണിന്റെ പ്രതിമാസ വാടകയിനത്തിൽ കമ്പനി നിശ്ചയിക്കുന്ന തുക പ്രവർത്തനം ഏറ്റെടുക്കുന്ന മാസം മുതൽ കരാർ കാലാവധി അവസാനിക്കുന്നതുവരെ കരാർ വ്യവസ്ഥകൾക്കു വിധേയമായി നൽകേണ്ടതാണ്.

12. പ്രവർത്തന പരിപാലന കരാറിൽ ഏർപ്പെടുന്നതിനായി 5 ലക്ഷം രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി അടയ്ക്കേണ്ടതാണ്.

13. ഗോഡൗണിന്റെ പ്രതിമാസ വാടക, മൂല്യവത്തായ വസ്തുക്കൾക്ക് കമ്പനിക്ക് നൽകേണ്ട മാർജിൻ നിരക്ക്, നിഷ്ക്രിയ മാലിന്യം സിമന്റ് ഫാക്ടറിയിലേയ്ക്ക് അയക്കുന്നതിന് കമ്പനി നൽകേണ്ട തുക, കമ്പനി മെഷീൻ ലഭ്യമാക്കുന്നുണ്ടെങ്കിൽ ആയതിനുള്ള വാടക എന്നിവ കൂടാതെ വൈദ്യുതി ചാർജ്, വെള്ളത്തിന്റെ ചാർജ് തുടങ്ങിയവ സംബന്ധിച്ച വിശദമായ കരാർ EOI അംഗീകരിച്ച് 10 ദിവസത്തിനുള്ളിൽ കമ്പനിയുമായി വയ്ക്കേണ്ടതാണ്.

CLEAN KERALA COMPANY LIMITED TRIVANDRUM

മാനേജിംഗ് ഡയറക്ടർ

Managing Director
Clean Kerala Company Limited
Thiruvananthapuram - 10